നവയെറുശലേം പാർപ്പിടം തന്നിലെ

വാസം ഓർക്കുമ്പോൾ വാസം ഓർക്കുമ്പോൾ

ആനന്ദം കൊണ്ടുനിറയുന്നു മാനസെ മോദമേറുന്നേ –2

ആശ്വാസം നൽകാത്തീ പാരിലെ വാസത്താൽ

ഉള്ളം നീറുന്നേ– ഉള്ളം നീറുന്നേ

ഈ മരുവാസത്തെ വേർപിരിഞ്ഞീടുവാനാശയേറുന്ന –2

കഷ്ടത പട്ടിണി ഇല്ലാത്ത രാജ്യത്തിൽ

എന്നു ചേരുമോ? – എന്നു ചേരുമോ?

രാജപുരോഹിതരായവരവിടെ വാസം ചെയ്യുമെ –2

തേജസ്സ് കിരണങ്ങൾ മകുടമണിഞ്ഞു

വാഴും ദൂതന്മാർ– വാഴും ദൂതന്മാർ

ശോഭനമായ നൽ തരുക്കളുള്ളൊരു നിത്യനാടതേ –2

പളുങ്കിൻ നദിയാ തെരുവിൻ നടുവിൽ

പ്ര–വഹിക്കുന്നേ–പ്രവ–ഹിക്കുന്നേ

മുത്തിനാൽ നിർമ്മിതംചെയ്തതാം പട്ടണം തത്രശോഭിതം –2

നീതിയിൻ സൂര്യനുദിക്കുമെ വേഗത്തിൽ

അല്ലൽമാറുമേ...അല്ലൽ മാറുമേ

മർത്യമാം ദേഹം അമർത്യമായീടുമെ  ദിവ്യശക്തിയാൽ –2

എന്തെന്തുഭാഗ്യമെ എന്തെന്തു ഭാഗ്യമെ

സന്തതം–പാർക്കിൽ–സന്തതം  പാർക്കിൽ

കോടികോടിയുഗം യേശുവിനോടൊത്തു പാടിവാഴുമേ -2     നവയെറുശേലം

Navayerushalem paarppitam thannile

vaasam orkkumpol vaasam orkkumpol

aanandam kondunirayunnu maanase modamerunne -2

aashvaasam nalkaatthee paarile vaasatthaal

ullam neerunne- ullam neerunne

ee maruvaasatthe verpirinjeetuvaanaashayerunna -2

kashtatha pattini illaattha raajyatthil

ennu cherumo? - ennu cherumo?

raajapurohitharaayavaravite vaasam cheyyume -2

thejasu kiranangal makutamaninju

vaazhum doothanmaar- vaazhum doothanmaar

shobhanamaaya nal tharukkalulloru nithyanaatathe -2

palunkin nadiyaa theruvin natuvil

pra-vahikkunne-prava-hikkunne

mutthinaal nirmmitham cheythathaam pattanam thathrashobhitham-2

neethiyin sooryanudikkume vegatthil

allalmaarume...Allal maarume

marthyamaam deham amarthyamaayeetume  divyashakthiyaal -2

enthenthubhaagyame enthenthu bhaagyame

santhatham-paarĭkkilĭ-santhatham  paarĭkkilĭ

kotikotiyugam yeshuvinototthu paativaazhume -2

navayerushela...